## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.812** **11/03/2015-ൽ മറുപടിക്ക്**

### ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ
ശ്രീ. പാലോട് രവി
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എം.എ. വാഹിദ്

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ജനറിക് മരുന്നുകളാണ് 2008-09 സാമ്പത്തിക വർഷം മുതൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം ചെയ്യുവരുന്നത്. 2007 നവംബർ മാസത്തിൽ കോർപ്പറേഷന്റെ രൂപീകരണത്തിന് മുന്പ് വരെ പ്രസ്തുത മരുന്ന സംഭരണത്തിന്റെ ചുമതല ആരോഗ്യ വകുപ്പിന് കീഴിലുള്ള സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റിയ്ക്കായിരുന്നു. |
| (ബി) | ഈ പദ്ധതിക്കായി വർഷം തോറും എന്ത് തുക ചെലവാകും എന്ന് അറിയിക്കുമോ; | (ബി) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണത്തിനായി കോർപ്പറേഷന് പ്രതിവർഷം ഏകദേശം 300 കോടി രൂപ ചെലവാകും. |
| (സി) | ജനറിക് മരുന്നുകളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാം എന്ന് വിശദമാക്കാമോ ; | (സി) | മരുന്നു വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന്റെ ടോൾഫ്രീ നമ്പരായ 1800 1202 202 ലോ, രേഖാമൂലമോ ലഭിച്ചാലുടൻതന്നെ' യുദ്ധകാലാടിസ്ഥാനത്തിൽ അവയ്ക്കു പരിഹാരം കാണുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ നാളിതുവരെയായി മരുന്നുവിതരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷനിൽ ആകെ 768 പരാതികൾ ലഭിച്ചിട്ടു ണ്ട്. അവയ്ക്കെല്ലാം തന്നെ പരിഹാരവും കണ്ടിട്ടുണ്ട്. |
| (ഡി) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഇൻഡന്റ് തയ്യാറാക്കുമ്പോൾ വളരെയധികം ശ്രദ്ധയോടെ തയ്യാറാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളെ കോർപ്പറേഷൻ അറിയിച്ചിട്ടു ണ്ട്. ജനറിക് മരുന്നുകളുടെ സൗജന്യ മരുന്നു വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതാക്കുന്നതിനുമായി ഇ-ടെൻഡർ മുഖേനയുള്ള മരുന്നു സംഭരണ പ്രക്രീയ ആരംഭിച്ചിട്ടു ണ്ട്. കോർപ്പറേഷന്റെ ജില്ലാ മരുന്നുസംഭരണ |

| | | | |
|---|---|---|---|
| | | | ശാലകളിലൂടെ ലഭ്യമാക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ഓരോ ബാച്ചും എൻ.എ.ബി.എൽ അക്രെഡിറ്റേഷൻ ഉള്ള ലാബോറട്ടറികളിൽ പരിശോധിച്ചു ഗുണനിലവാരം ഉറപ്പു വരുത്തിയ സർട്ടിഫിക്കറ്റുകൾ സഹിതം സമർപ്പിക്കണമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന മരുന്നുകളുടെ 10 ശതമാനം റാണ്ടമായി ശേഖരിച്ച് കോർപ്പറേഷൻ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ഇതിനു പുറമെ ഡ്രഗ്ഗ്സ് കൺട്രോൾ വകുപ്പും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തി വരുന്നു. കൂടാതെ അടിയന്തിര സന്ദർഭങ്ങളിൽ ഏതെങ്കിലും കാരണങ്ങളാൽ (വിതരണക്കാരെ ലഭിക്കാതെയോ, യഥാസമയം വിതരണം നടത്താതെയോ വരുന്ന സാഹചര്യങ്ങളിൽ) അവശ്യമരുന്നുകളുടെ ലഭ്യതകുറവ് അനുഭവപ്പെട്ടാൽ കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം പരിഹരിക്കുന്നതിനും സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ